AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 43/2018

09.03.2018

## നെൽവയലുകൾ തരിശിടുന്നതിനെതിരെ കർശന നിയമനടപടികൾ സ്വീകരിക്കും; കൃഷിമന്ത്രി.

കൃഷിഭൂമി തരിശിടുന്നവർക്കെതിരെ കർശനമായ ശിക്ഷണനടപടികൾ എടുക്കുന്ന തരത്തിലുള്ള ഭേദഗതികൾ നിലവിലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ളതായി കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ അറിയിച്ചു. മെത്രാൻകായലിൽ രണ്ടാംഘട്ട നെൽകൃഷിയുടെ കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. 404 ഏക്കർ സ്ഥലത്താണ് ഇത്തവണ കൃഷിയിറക്കിയത്.

ഇനിമുതൽ നെൽവയൽ തരിശിട്ടുകഴിഞ്ഞാൽ സർക്കാർ അവ വ്യക്തികളിൽനിന്ന് പിടിച്ചെടുത്ത് കൃഷിചെയ്യുന്നതായിരിക്കും. കുടുംബശ്രീകൾ, തദ്ദേക സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ നേതൃത്വത്തിലായിരിക്കും കൃഷി ചെയ്യുക. മാത്രമല്ല കൃഷിഭൂമി തരിശ്ശിടുന്നവർക്കെതിരെ ജാമ്യമില്ലാവകുപ്പു ചുമത്തി ശിക്ഷണനടപടി സ്വീകരിക്കുന്നതിന് പുതിയ ഓഡിനൻസ് കൊണ്ടുവന്നിട്ടുള്ളതായി മന്ത്രി പറഞ്ഞു.

വർഷങ്ങളായി തരിശുകിടന്ന മെത്രാൻകായലിൽ കഴിഞ്ഞവർഷമാണ് കൃഷിവകുപ്പിന്റെ തരിശുനില നെൽക്കൃഷി പദ്ധതിപ്രകാരം കൃഷി പുനരാരംഭിച്ചത്. ഒന്നാഘട്ടത്തിൽ 300 ഏക്കർ നെൽകൃഷിചെയ്തപ്പോൾ രണ്ടാം ഘട്ടത്തിൽ 404 ഏക്കറിൽ പൂർണമായും കൃഷിചെയ്യാൻ സാധിച്ചു. ഉടമസ്ഥർ സ്ഥലത്തില്ലായിരുന്ന വയലിൽ ഉൾപ്പെടെ നാട്ടുകാരുടെ സഹകരണത്തോടെ കൃഷിയിറക്കാൻ സാധിച്ചതുകൊണ്ടാണ് നൂറുമേനി വിളവെടുക്കാൻ കഴിഞ്ഞത്.

കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് 32,000 ഏക്കറിൽ അധികമായി നെൽകൃഷിചെയ്യാൻ ആരംഭിച്ചുവെന്നും കഴിഞ്ഞവർഷത്തെ 1.96 ലക്ഷം ഹെക്ടറിൽനിന്നും ഈവർഷം 2.20 ലക്ഷം ഹെക്ടറിലേക്ക് നെൽക്കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടെന്നും കൃഷിമന്തി കൂട്ടിച്ചേർത്തു.

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
Website: www.fibkerala.gov.in Email:fibtvm@gmail.com
Telephone: 0471 2317314

സുരേഷ് കുറുപ്പ് എം.എൽ.എ.യുടെ അധ്യക്ഷതയിൽ കൂടിയ കൊയ്ത്തുത്സവ ചടങ്ങിൽ കൃഷിഡയറക്ടർ എ.എം. സുനിൽകുമാർ, പഞ്ചായത്തു പ്രസിഡന്റ് സാലിമോൻ മറ്റുജനപ്രതിനിധികൾ തുടങ്ങിയവരും പങ്കെടുത്തു.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email:**fibtvm@gmail.com
**Telephone:** 0471 2317314